# ലാൻ്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീമതി കെ.ബി.വത്സലകുമാരി , ഐ.എ.എസ് )

**എൽ.ആർ(റ്റി)1-3001/12** **തീയതി : 25/01/2012**

വിഷയം :- ജീവനക്കാര്യം - ലാൻ്റ് റവന്യു വകുപ്പ് -കേരള റവന്യൂ സർവ്വീസ്- 1.04.2001-മുതൽ 31.12.2010-വരെയുള്ള തഹസിൽദാർമാരുടെ പുതുക്കിയ സംസ്ഥാനതല താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് - സംബന്ധിച്ച്.

വായന :-

1) ലാൻ്റ് റവന്യു അഡീഷണൽ കമ്മീഷണറുടെ LR(T)1-60601/2007 തീയതി 19.5.2008 നടപടിക്രമം
2) WA-789/88 നമ്പർ കേസിൽ 21.3.91-ലെ ബഹു: കേരള ഹൈക്കോടതിയുടെ വിധിന്യായം
3) WA 162/91 നമ്പർ കേസിൽ 6.4.95-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
4) OP 22276/98(B), 22193/98 എന്നീ കേസുകളിൽ 14.9.99-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
5) WP(C) No.19076/2008 നമ്പർ കേസിൽ 26.3.2009-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
6) 16.2.2009-ലെ 8910/C2/2009/RD നമ്പർ സർക്കാർ കത്ത്.
7) 31.7.2009-ലെ 19800/C3/2008/RD നമ്പർ സർക്കാർ കത്ത്.
8) ലാൻ്റ് റവന്യു കമ്മീഷണറുടെ 6.1.2011-ലെ LR(T)4-13358/2009(1)&(2) നടപടിക്രമങ്ങൾ
9) ലാൻ്റ് റവന്യു കമ്മീഷണറുടെ 16.4.2011-ലെ LR(T)4-13358/2009 നമ്പർ നടപടിക്രമം.
10) ലാൻ്റ് റവന്യു കമ്മീഷണറുടെ 16.4.2011-ലെ LR(T)3-2003/2011 (1)&(2) നടപടിക്രമങ്ങൾ
11) ലാൻ്റ് റവന്യു കമ്മീഷണറുടെ 7.5.2011-ലെ LR(T)2-2002/2011(1)&(2) നടപടിക്രമങ്ങൾ
12) WP(C)-7711/2009-ലേയും അനുബന്ധ കേസുകളുടേയും 6.10.2009-ലെ ബഹു: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.
13) WA-116/2011നമ്പർ കേസിൽ 27.1.2011-ലെ ബഹു: ഹൈക്കോടതി വിധി.
14) സർക്കാർ ഉത്തരവ് (എം.എസ്) നം. 68/08/RD തീയതി 28.3.2008
15) GO(MS) No.376/2008/RD തീയതി 4.11.2008
16) സർക്കാർ ഉത്തരവ് (കൈ) നം. 242/08/ആർ.ഡി തീയതി 24.6.2009
17) GO(Rt) No.2136/2011/RD തീയതി 31.3.2011
18) ഈ കാര്യാലയത്തിലെ T1-60601/2008 നമ്പർ ഫയലിലെ 19.5.2008-ലെ ഉത്തരവുകൾ.
19) ഈ കാര്യാലയത്തിലെ 16.5.2001-ലെ LR(T)1-33923/99 നമ്പർ നടപടിക്രമം.
20) ഈ കാര്യാലയത്തിലെ 2.7.2010-ലെ LR(T)1-49273/2008 നമ്പർ നടപടിക്രമം.
21) ഈ കാര്യാലയത്തിലെ 01.06.2004-ലെ LR(T)1-12222/ 04 നമ്പർ നടപടിക്രമം.
22) ഈ കാര്യാലയത്തിലെ 23.08.2006-ലെ

LR(T)1-8980/05 നമ്പർ നടപടിക്രമം.

23) ഈ കാര്യാലയത്തിലെ 01.12.2011-ലെ LR(T)1-2001/11 നമ്പർ നടപടിക്രമം.

24) ഈ കാര്യാലയത്തിലെ 26.12.2011-ലെ LR(T)1-7838/09 നമ്പർ നടപടിക്രമം.

25) 24.01.2012ലെ കേരള ഗസറ്റ്(അസാധാരണം)നമ്പർ-184 പ്രകാരം വിജ്ഞാപനം ചെയ്ത LR(E2)-43300/11 തീയതി 23.01.2012 പ്രകാരമുള്ള സെലക്ട് ലിസ്റ്റ്.

26) ഈ കാര്യാലയത്തിലെ LR(T)1-3000/12 നമ്പർ ഫയലിലെ 24.01.2012 തീയതിയിലെ ഉത്തരവു പ്രകാരം അംഗീകരിച്ച മാനദണ്ഡങ്ങൾ

27) ജി.ഒ.(പി ) നം.852/80/ RD തീയതി 16.06.1980

28) ജി.ഒ.(പി ) നം.853/80/ RD തീയതി 16.06.1980

29) ഈ കാര്യാലയത്തിലെ 06.12.2011-ലെ LR(E)5-53738/11 നമ്പർ നടപടിക്രമം.

30) ഈ കാര്യാലയത്തിലെ 08.12.2011-ലെ LR(T)1-54087/11 നമ്പർ നടപടിക്രമം.

31) ഈ കാര്യാലയത്തിലെ 24.01.2012-ലെ LR(E)2-43300/11 നമ്പർ നടപടിക്രമം.

1. വായന (1) പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ 1.1.98-മുതൽ 31.12.2006-വരെയുള്ള കാലയളവിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റ് WP(C)-7711/2009-ലേയും അനുബന്ധ കേസുകളിലേയും ഇടക്കാല ഉത്തരവുകൾ പ്രകാരം ബഹു: കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നുവെങ്കിലും വായന 12-ലേയും 13-ലേയും ഉത്തരവുകളിലൂടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാൻ ബഹു: ഹൈക്കോടതി അനുവദിച്ചു. അത് പ്രകാരം വായന (2) മുതൽ (7)-വരെയുള്ള കോടതിവിധികളുടേയും സർക്കാർ കത്തുകളുടേയും അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയുടെ ഫീഡർ കാറ്റഗറികളായി കേരള റവന്യു മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന LDC/VA, UDC/SVO, HC/RI/VO തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റുകൾ പരാമർശം (8) മുതൽ (11)-വരെയുള്ള നടപടിക്രമങ്ങൾ പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. വായന (3) പ്രകാരമുള്ള കോടതിവിധി അനുസരിച്ച് 8.3.93-മുതലുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വായന(19) പ്രകാരം 8.3.93-മുതൽ 31.12.1997-വരെയുള്ള കാലയളവിലെയും ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ

സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് വായന(23) പ്രകാരം 1.1.98-മുതൽ 31.12.2008 വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. വായന (21),(22) എന്നിവ പ്രകാരം തഹസിൽദാർ തസ്തികയിലെ 1.4.2001-മുതൽ 31.12.2003-വരെയും 1.1.2004-മുതൽ 31.12.2005-വരെയുമുള്ള കാലയളവിലെ അന്തിമസീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരുന്നു.

4. വായന(24) പ്രകാരം 01.01.2006 മുതൽ 31.12.2010 വരെയുള്ള കാലയളവിൽ തഹസിൽദാർ തസ്തികയിലുണ്ടായ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്.

5. വായന(23) പ്രകാരം പുതുക്കി പ്രസിദ്ധീകരിച്ച **DT/JS** സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ തൃപ്തികരമായി പ്രൊബേഷൻ പൂർത്തിയാക്കിയവരുടെ പ്രൊബേഷൻ വായന (29) പ്രകാരം പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വായന(30) പ്രകാരം അപ്രൂവ്ഡ് പ്രൊബേഷണർമാരുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള അപ്രൂവ്ഡ് പ്രൊബേഷണർമാരുടെ ലിസ്റ്റിൽ നിന്നും തഹസിൽദാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള അർഹത നേടിയ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) ചേർന്ന് തയ്യാറാക്കി വായന(25) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 2003,2004,2005,2006,2007 വർഷങ്ങളിലെ തഹസിൽദാർ പ്രൊമോഷനുള്ള സെലക്ട് ലിസ്റ്റുകൾ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) റിവ്യൂ ചെയ്യുകയും, പ്രസ്തുത കാലയളവിലേയ്ക്ക് പുതുക്കിയ സെലക്ട് ലിസ്റ്റും അതോടൊപ്പം 2008,2009,2010,2011 എന്നീ വർഷങ്ങളിലെ സെലക്ട് ലിസ്റ്റുകളും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

6. വായന(21) പ്രകാരമുള്ള തഹസിൽദാർ തസ്തികയിലെ 1.4.2001-മുതൽ 31.12.2003-വരെയുള്ള കാലയളവിലെ അന്തിമസീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 257-നു ,ശേഷമുള്ള ജീവനക്കാരുടെ സ്ഥാനങ്ങൾ വായന(25) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സെലക്ട് ലിസ്റ്റിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്.

7. ആയത് പ്രകാരം റിവ്യൂ ചെയ്ത സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടു വരുന്ന ജീവനക്കാരുടെ അർഹതപ്പെട്ട തഹസിൽദാർ തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നതിലേയ്ക്കായി വായന (26) പ്രകാരമുള്ള തഹസിൽദാർ സീനിയോറിറ്റിലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളുടേയും വായന (27),(28) എന്നിവ പ്രകാരമുള്ള സ്പെഷൽ റൂളുകളുടേയും വായന (31) പ്രകാരമുള്ള നടപടിക്രമത്തിന്റേയും അടിസ്ഥാനത്തിൽ 01.04.2001-മുതൽ 31.12.2010-വരെയുള്ള കാലയളവിലെ തഹസിൽദാർ തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. അതോടൊപ്പം വായന (21),(22) എന്നിവ പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 1.04.2001 മുതൽ 31.12.05-വരെയുള്ള കാലയളവിലെ തഹസിൽദാർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റുകൾ ഇതിനാൽ റദ്ദാക്കിയും ഉത്തരവാകുന്നു.

8. വായന(25) പ്രകാരം റിവ്യൂ ചെയ്ത സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടു വരുന്ന ജീവനക്കാരുടെ തഹസിൽദാർ തസ്തികയിലെ സീനിയോരിറ്റി ക്രമീകരിക്കുന്നതിനും തഹസിൽദാർ തസ്തികയിലേയ്ക്ക് നിലവിൽ നൽകി യിരിക്കുന്ന താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ KS&SSR Rule 28 പ്രകാരം ക്രമീകരിക്കുന്നതിനും തഹസിൽദാർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുമായിട്ടാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. ബന്ധപ്പെട്ട ചട്ടങ്ങൾ, അച്ചടക്ക നടപടികൾ, ശൂന്യവേതന അവധി , കോടതി വിധികൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് വിധേയമായി ഓരോ ജീവനക്കാരുടേയും അന്തിമസീനിയോറിറ്റിലിസ്റ്റിലെ സ്ഥാനം ക്രമപ്പെടുത്തുന്നതാണ്.

9. ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ www.clr.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പകർപ്പെടുത്ത് ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ലിസ്റ്റ് പരിശോധിക്കുവാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 10 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്. കൂടാതെ ഈ കാലയളവിൽ ഏതെങ്കിലും സാഹചര്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരോ മരണ പ്പെട്ടവരോ വകുപ്പു വിട്ടുപോയവരോ ശൂന്യവേതനാവധിയിൽ ആയിരുന്നവരോ

തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടില്ലാത്തവരോ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികളുടെ സേവന പുസ്തകം പരിശോധിച്ച് ടിയാളുകളുടെ യോഗ്യതാവിവരങ്ങൾ ലിസ്റ്റിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ വിവരവും ലിസ്റ്റിൽ തഹസിൽദാർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്താതിരിക്കുകയോ തെറ്റായി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും 04.02.2012-നകം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. ടി ലിസ്റ്റിൻമേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശ വാദങ്ങളും 08.02.2012- നകം ഈ കാര്യാലയത്തിലേയ്ക്ക് നേരിട്ടു സമർപ്പിക്കാവുന്നതാണ്. അപേക്ഷയിൽ അപേക്ഷകന്റെ ഔദ്യോഗിക മേൽവിലാസവും നിലവിലുള്ള ഫോൺനമ്പരും രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിതതീയതിക്കു ശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും അവകാശവാദങ്ങളും പരിഗണിക്കുന്നതല്ല.

ഒപ്പ്
**കമ്മീഷണർ.**

<u>പകർപ്പ്</u>:

1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,തിരുവനന്തപുരം.
6) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.